പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 2705 10.07. 2015- ലെ മറുപടി

## പ്രവാസികളുടെ പുനരധിവാസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ബഷീർ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്ന് വിശദമാക്കുമോ; | എ) തിരികെയെത്തിയ പ്രവാസി മലയാളികളെ പുനരധിവസിപ്പിക്കുന്നതിനായി ഇവർക്ക് സ്വയം തൊഴിലിലൂടെ സുസ്ഥിര വരുമാനം എന്ന ലക്ഷ്യത്തോടുകൂടി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കിവരുന്നുണ്ട്. ഇതിനു പുറമെ സൗദി അറേബ്യയിൽ സ്വദേശിവത്കരണം നടപ്പിലാക്കിയ സാഹചര്യത്തിൽ തിരികെ എത്തുന്ന പ്രവാസിമലയാളികൾക്ക് ഒരു സുസ്ഥിര വരുമാന മാർഗ്ഗം കണ്ടെത്തുക എന്ന ഉദ്ദേശ്യത്തോടെ ഒരു സമഗ്ര പുനരധിവാസ പദ്ധതിയും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. |
| ബി) ഇവർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ നൽകുന്നുണ്ടോ; ഇത്തരം വായ്പയ്ക്ക് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത് എന്ന് വ്യക്തമാക്കുമോ; | ബി) ഉണ്ട്. NDPREM പദ്ധതി പ്രകാരം 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം 3% പലിശ ഇളവും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് പദ്ധതി. നോർക്ക റൂട്ട്സും കനറാ ബാങ്ക്/യൂണിയൻ ബാങ്കുമായി ഒപ്പു വച്ചിട്ടുള്ള ധാരണാപത്രം പ്രകാരം റിസർവ്വ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവു നൽകിയാണ് ബാങ്കുകൾ ഈ പദ്ധതിയുമായി സഹകരിക്കുന്നത്. അപ്രകാരം നിശ്ചയിച്ചിരിക്കുന്ന പലിശനിരക്കിൽ നിന്നും ആദ്യത്തെ നാലു വർഷം 3% പലിശ ഇളവു സർക്കാർ നൽകുവാൻ ഈ പദ്ധതി പ്രകാരം വിഭാവനം ചെയ്യുന്നു.<br><br>ധാരണപത്രം പ്രകാരം കനറാ ബാങ്ക്, യൂണിയൻ |

ബാങ്ക് എന്നീ ബാങ്കുകൾ വിവിധ പദ്ധതികൾക്കായി വായ്പ നൽകുന്നത് റിസർവ്വ് ബാങ്ക് നിശ്ചയിച്ച base rate നിന്നും 0.5% പലിശ കൂട്ടി നിശ്ചയിച്ചുകൊണ്ടാണ്. പലതരം സംരംഭങ്ങൾക്ക് പല നിരക്കിലാണ് ബാങ്കുകൾ പലിശ നിരക്ക് ഏർപ്പെടുത്തിയിരിക്കുന്നത് .

ടാക്സി സർവ്വീസുകൾക്ക് റിസർവ്വ് ബാങ്ക് കഴിഞ്ഞ വർഷം നിശ്ചയിച്ചിരുന്ന base rate ൽ 0.5% കൂട്ടി 10.75% പലിശ നിരക്കാണ് ഈടാക്കിയിരുന്നത്.

| | |
|---|---|
| സി)കുറഞ്ഞ നിരക്കിൽ വായ്പ നൽകി പ്രവാസി സ്വയംതൊഴിൽ സംരംഭങ്ങൾ ഊർജ്ജിതപ്പെടുത്തുമോ? | സി) കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് മൂലധന സബ്സിഡിയ്ക്ക് പുറമെ ആദ്യ നാലു വർഷം 3% പലിശ സബ്സിഡി നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ